(ബി) 684 പേജുകളുള്ള ടി റിപ്പോർട്ടിന്റെ പകർപ്പ് പ്രിന്റ് ചെയ്യു ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

(സി) കാർഷിക വ്യവസായിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ തെരഞ്ഞെടുത്ത് അവരുടെ വീടുകളിൽ ഒരു വർഷം (2011-12) നീണ്ടുനിന്ന കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി അവർ ഉപയോഗിക്കുന്ന സാധനങ്ങളും സേവനങ്ങളും കണ്ടെത്തി ഐറ്റം ബാസ്കറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, പാൽ തുടങ്ങി എല്ലാ നിത്യോപയോഗ സാധനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇവയുടെ യഥാർത്ഥ വിലകൾ ശേഖരിച്ചാണ് ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നത്. ഇപ്പോൾ നിലവിലുള്ള ക്ഷാമബത്ത കണക്കാക്കുമ്പോൾ യഥാർത്ഥ വിലനിലവാരമാണ് ഉപയോഗിക്കുന്നത്. ഇതിൽ അപാകതകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്ലെയ്സ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി

251 (959) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലെയ്സ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ.-കളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതിയിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.റ്റി.ഐ.-കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. സ്കിൽ ജോബ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ തൊഴിൽദായകർക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്ന തരത്തിലാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്. സ്കിൽ പരിശീലനം നേടിയവർക്ക് അവരവരുടെ സ്കിൽസിന് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ ലഭ്യമാക്കുന്നതിന് അവസരമൊരുക്കുന്നതുവഴി കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) www.skilljobs.kerala.gov.in എന്ന അഡ്രസ്സിൽ പരിചയ സമ്പന്നരായ ഏതൊരു ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാർക്കും സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ് കാലാകാലങ്ങളിൽ ഇവർ ആർജ്ജിക്കുന്ന ഉയർന്ന സ്കിൽ/ വിദ്യാഭ്യാസ യോഗ്യതകളും ഇതിനോടൊപ്പം കൂട്ടിച്ചേർക്കുന്നതിനുള്ള അവസരവും ഉണ്ട്. തൊഴിൽദാതാക്കൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സ്കിൽ ആവശ്യകത വ്യക്തമാക്കുന്നതിനും സംവിധാനം ഉണ്ട്. തൊഴിൽദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഇടനിലക്കാരുടെ സഹായമില്ലാതെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വളരെ പ്രധാനപ്പെട്ട സേവനം ജോബ് പോർട്ടലിലൂടെ നൽകുവാൻ സാധിക്കും.

(ഡി) ഈ പദ്ധതി പ്രത്യേകിച്ച് ഓരോ ഐ.ടി.ഐ.-കളിലും നടപ്പിലാക്കേണ്ട ആവശ്യമില്ല. കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ലഭ്യമായ എവിടെ നിന്നും ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. എല്ലാ ഐ.ടി.ഐ.-കളിലും ഈ പോർട്ടലിനെപ്പറ്റി അറിവും പ്രചാരവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള വിവാഹ ധനസഹായം

252 (960) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളിക്ഷേമ നിധിയിൽ അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി എത്ര രൂപ വീതമാണ് ക്ഷേമനിധി ബോർഡിൽനിന്നും നൽകുന്നതെന്ന് വ്യക്തമാക്കുമോ ;